**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3570** **26-10-2021 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി ചാത്തന്നൂർ മണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിവരുന്നു എന്ന് അറിയിക്കാമോ; | (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ അസാപ് സ്കിൽ ഡെവലപ്മെന്റ് സെന്റർ GVHSS Chathanoor -ൽ പ്രവർത്തിക്കുന്നു. ഈ സ്കിൽ സെന്ററിന്റെ കീഴിൽ 12 വിദ്യാലയങ്ങൾ ഉണ്ട്. 2019-2020 വരെ, 12 സ്കൂളുകളിൽ നിന്നായി 1592 കുട്ടികൾക്ക് സൗജന്യമായി കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ആശയവിനിമയശേഷി വികസിപ്പിക്കുന്നതിനും വിവര സാങ്കേതിക വിദ്യയിലെ നൈപുണ്യം വികസിപ്പിക്കുവാനുമായി അസാപ് പരിശീലനം നൽകുകയുണ്ടായി. 2019-20-ൽ കോവിഡ് കാരണം കോഴ്സുകൾ പൂർണതോതിൽ പൂർത്തീകരിക്കുവാൻ സാധിച്ചില്ല. ഇതിനു പുറമെ ചാത്തന്നൂർ മണ്ഡലത്തിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീയുമായി ചേർന്ന് Connect to Work എന്ന് പേരിട്ട നൈപുണ്യ വികസന പരിശീലന പരിപാടിയിലൂടെ 19 പേർക്ക് പരിശീലനം നൽകുകയുണ്ടായി. കോവിഡ് ലോക് ഡൗൺ കാലയളവിൽ ഓൺലൈൻ ക്ലാസ് ഉപയോഗപ്പെടുത്തി കൊല്ലം എസ്.എൻ.കോളേജിലെ കുട്ടികൾക്ക് ലോജിസ്റ്റിക്സ് ട്രെയിനർ എന്ന കോഴ്സ് പൂർത്തീകരിച്ചു. രണ്ടാം ലോക്ക് ഡൗൺ കാലയളവിൽ പ്ലസ് 2 വിദ്യാർത്ഥികളുടെ അപ്ടിസ് പരീക്ഷ വിജയകരമായി പൂർത്തീകരിക്കാനും സാധിച്ചു. |
| (ബി) | എല്ലാ വിദ്യാർത്ഥികൾക്കും അസാപ് മുഖേന പ്രത്യേക തൊഴിൽ പരിശീലനം നൽകുന്നതിനും തൊഴിൽ നൈപുണ്യം ലഭിച്ചവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായം നൽകാനുമുള്ള സമഗ്ര പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ? | (ബി) | വിദ്യാർത്ഥികളുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിനായി അസാപ്പ് മുഖേന വൈവിധ്യമാർന്ന നൈപുണ്യ പരിശീലനങ്ങൾ നടത്തിവരുന്നു. നിലവിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പദ്ധതികൾ ഇല്ലാത്തതിനാൽ Startup Ecosystem and Entrepreneurial Development (SEED)എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ പുതിയ |

| | | | |
|---|---|---|---|
| | | | സംരംഭങ്ങൾ തുടങ്ങുന്നതിനായി അസാപ് വഴി പരിശീലനം ലഭിച്ച വിദ്യാർത്ഥികൾക്ക് പിന്തുണയും മാർഗനിർദ്ദേശങ്ങളും നൽകുന്നതും പുതിയ സംരംഭകത്വം ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതും പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ